പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2827 | | | 20.07.2011ൽ മറുപടിയ്ക്ക് |
|---|---|---|---|
| മഹിള സമഖ്യ സൊസൈറ്റിയുടെ പ്രവർത്തനം | | | |
| ചോദ്യം | | | ഉത്തരം |
| ശ്രീ. എസ്. രാജേന്ദ്രൻ | | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | മഹിള സമഖ്യ സൊസൈറ്റിയുടെ പ്രവർത്തനം ഇടുക്കി ജില്ലയിൽ എവിടെയെല്ലാമാണ് ; | (എ) | മഹിള സമഖ്യ സൊസൈറ്റിയുടെ പ്രവർത്തനം ഇടുക്കി ജില്ലയിൽ അടിമാലി, ദേവികുളം ബ്ലോക്കുകളിലാണ്. |
| (ബി) | ഇടുക്കി ജില്ലയിൽ മഹിള സമഖ്യയുടെ ഇപ്പോഴത്തെ പ്രോജക്ടുകൾ എന്തൊക്കെയാണ് ; | (ബി) | കേരള മഹിള സമഖ്യ സൊസൈറ്റി സ്ത്രീകളുടെ പ്രത്യേകിച്ച് ആദിവാസി സ്ത്രീകളുടെ ശാക്തീ കരണത്തിന് പ്രവർത്തിക്കുന്നു. അവരുടെ എല്ലാ മേഖലകളിലും ആരോഗ്യം, സ്ത്രീകൾക്കെതി രെയുള്ള അതിക്രമം, മദ്യപാനം, സ്ത്രീധനം, ബാലവിവാഹം, തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെ തിരെയുള്ള അതിക്രമം, മറ്റ് സാമൂഹിക അനാചാരങ്ങൾ, ലിംഗപദവി തുല്യത, വനാവകാശം എന്നീ വിഷയങ്ങളെ കേന്ദ്രീകരിച്ച് അവരുടെ വിവരവും, അറിവും വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നു. പഞ്ചായത്ത് തലത്തിൽ സ്ത്രീകളു ടെ കൂട്ടായ്മ സൃഷ്ടിച്ച് അവരുടെ അവകാശങ്ങൾ നേടിയെടുക്കാ നുള്ള പ്രാപ്തി ഉണ്ടാക്കുന്നു. ഇത് കൂടാതെ മഹിള സമഖ്യയുടെ നയപ്രകാരം വിദ്യാഭ്യാസത്തിൽ |

| | | | |
|---|---|---|---|
| | | | പുറന്തള്ളപ്പെട്ട ആദിവാസി പെൺകുട്ടികളെ മുഖ്യധാരയിൽ എത്തിക്കുന്ന തിനായി 7 മഹിള ശിക്ഷൺ കേന്ദ്രങ്ങൾ പ്രവർത്തി ക്കുന്നു. ഇതിൽ 4 എണ്ണം മാനവവിഭവശേഷി മന്ത്രാലയ ത്തിന്റെ സഹായ ത്തോടുകൂടിയും അതിന്റെ കീഴിലും, 3 എണ്ണം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോട് കൂടിയുമാണ് പ്രവർത്തിക്കുന്നത്. ഇടമലകുടി, കുറത്തിക്കുടി, തീർത്ഥകുടി, ഇരുട്ടളക്കുടി തുടങ്ങിയ ഉൾകുടികളിലെ കുട്ടികളാണ് പഠിക്കുന്നത്. |
| (സി) | മറ്റ് ഏതെല്ലാം ജില്ലകളിലാണ് സമഖ്യയുടെ പ്രവർത്തനങ്ങൾ ഉള്ളത്; | (സി) | മഹിള സമഖ്യ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ തിരുവനന്തപുരം, മലപ്പുറം, ഇടുക്കി, എന്നീ ജില്ലക ളിൽ ഉണ്ട്. ഈ സാമ്പത്തിക വർഷത്തിൽ കാസർകോട്, പാലക്കാട്, വയനാട് എന്നീ ജില്ലകളിലും പ്രവർത്തനം ആരംഭിച്ചു. |
| (ഡി) | ഇടുക്കി ജില്ലയിലെ പ്രോജക്ടുകളിൽ നിന്നും വ്യത്യസ്തമായി മറ്റു ജില്ലകളിൽ ഏതെല്ലാം പ്രോജക്ടുകളാണുള്ളതെന്ന് വിശദീകരിക്കാമോ ? | (ഡി) | 2009-10 സാമ്പത്തിക വർഷത്തിൽ സ്ത്രീധനനിരോധന നിയമത്തെ യും ഗാർഹിക പീഡന നിരോധന നിയമത്തെയും കുറിച്ച് 14 ജില്ല കളിലും മഹിളാ സമഖ്യ സൊസൈറ്റിയുടെയും സാമൂഹ്യ ക്ഷേമ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | നിലമ്പൂർ പഞ്ചായത്തിൽ സ്ത്രീധന നിരോധനവുമായി ബന്ധപ്പെട്ട് മുസ്ലീം സമുദായത്തിലെ പെൺ കുട്ടികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള സെമിനാറുകൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ മഹിളാ സമഖ്യ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 2009-10 സാമ്പത്തിക വർഷത്തിൽ സംഘടിപ്പിക്കുകയുണ്ടായി. നിലമ്പൂർ പഞ്ചായത്തിലെ കമ്മ്യൂണിറ്റി ബേസ്ഡ് ഓർഗനൈസേഷനുകളുടെയും അദ്ധ്യാപകർ, യുവജനങ്ങൾ, വനിതാ സംഘടനകൾ തുടങ്ങിയവരുടെയും ആഭിമുഖ്യത്തിലാണ് ഈ പരിപാടികൾ സംഘടിപ്പിച്ചത്. കൂടാതെ തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്കിൽ 2008-09 സാമ്പത്തിക വർഷത്തിൽ മഹിളാ സമഖ്യ സൊസൈറ്റി സാമൂഹ്യക്ഷേമ വകുപ്പും ബ്ലോക്ക് പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കൗമാര പ്രായക്കാർക്കായി സ്കൂൾ തലത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ